കേരള സർക്കാർ

സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ് - എസ്.സി.പി.എസ് - കാവൽ പദ്ധതിയുടെ തുടർ ചിലവുകൾക്ക് തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)252/2024/WCDD** **Dated,19/07/2024**

---

എ.എസ് നമ്പർ : AS/WCD/24/35793 കാലാവധി : 31/03/2025

പരാമർശം:- 1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09.04.2024-ലെ No.DWCD/1913/2024-ICPS 11 നമ്പർ കത്ത്

2. 26/06/2024-ലെ ഒന്നാമത്തെ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

AS/WCD/24/35793

ഉത്തരവ്

ബാലനീതി നിയമം 2015 നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ (Children in Conflict with Law) മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹിക ക്രമവുമായി പുന:സംയോജിപ്പിക്കുന്നതിനും സംസ്ഥാന വനിത ശിശു വികസന വകുപ്പ് 2016 മുതൽ 28 സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കേരളത്തിലെ 14 ജില്ലകളിലും വിജയകരമായി നടപ്പാക്കി വരുന്ന തുടർച്ചാ പദ്ധതിയാണ് " കാവൽ ". ടി പദ്ധതിയുടെ തുടർച്ചയ്ക്കായി ആവശ്യമായ തുകയായ 2,82,30,007/-രൂപ (രണ്ടു കോടി എൺപത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി ഏഴു രൂപ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ എസ്.സി.പി.എസ്-ന്റെ നൂതന പദ്ധതികൾക്കുള്ള ശീർഷകമായ 2235-02-102-36 (P) 02-ൽ അനുവദിച്ചിട്ടുള്ള 9,00,00,000/-രൂപയിൽ നിന്നും അനുവദിക്കുന്നതിനായുള്ള അനുമതി തേടി വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| SL.No | Purpose | Amount |
|---|---|---|
| 1. | Final installment | 43,00,000/- |
| 2. | State Level Administration | 9,42,651/- |
| 3. | State Level training for stake holders | 11,98,000/- |
| 4. | Higher level intervention training for field staffs | 10,47,000/- |

| | | |
|---|---|---|
| 5. | Process Documentation | 1,52,000/- |
| 6. | Funds for NGOs in 13 districts (25 NGOs) | 1,77,20,800/- |
| 7. | Funds for NGOs in Thiruvananthapuram | 28,69,556/- |
| | Total fund | 2,82,30,007/- |

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ആകെ | 2,82,30,007 |
| ആകെ (രണ്ട് കോടി എൺപത്തി രണ്ട് ലക്ഷത്തിമുപ്പതിനായിരം ഏഴ് രൂപ) | | **2,82,30,007** |

പ്രസ്തുത പ്രൊപ്പോസൽ 26/06/2024-ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് പരാമർശം (2) പ്രകാരം അംഗീകാരം (ഇനം7) നൽകിയ സാഹചര്യത്തിൽ, "കാവൽ പദ്ധതി"-യുടെ തുടർച്ചയ്ക്കായി ആവശ്യമായ തുകയായ 2,82,30,007/-രൂപ (രണ്ടു കോടി എൺപത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി ഏഴു രൂപ മാത്രം) 2024 - 25 സാമ്പത്തിക വർഷത്തെ എസ്.സി.പി.എസ്-ന്റെ നൂതന പദ്ധതികൾക്കുള്ള ശീർഷകമായ 2235-02-102-36 (P) 02-ൽ അനുവദിച്ചിട്ടുള്ള 9,00,00,000/-രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

AS/WCD/24/35793

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ,
അഡീഷണൽ സെക്രട്ടറി,

വനിത ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K